DESPATCHED On...20/2/2020
5.2.20



# സംസ്ഥാന വിവരാവകാശകമ്മീഷൻ കേരളം
## തിരുവനന്തപുരം_695 001

Tel: 0471 2561600/2561614/2561623/2332533, Fax: 0471 2330920
Email: sic@kerala.nic.in

**ഹർജി നമ്പർ AP.No.388(6)/2018/SIC തീർപ്പുകൽപ്പിച്ചുകൊണ്ടുള്ള നടപടിക്രമം**
**File No.1293/SIC-Gen5/2018**

സന്നിഹിതൻ
ശ്രീ.വിൻസൻ എം.പോൾ, മുഖ്യവിവരാവകാശ കമ്മീഷണർ

ശ്രീ. സി.ബി. കൃഷ്ണകുമാർ,
ചിറ്റേഴത്ത് ഹൗസ്,
പി.ഒ. പേരാമംഗലം,
തൃശ്ശൂർ – 680 545.
} അപ്പീൽ ഹർജിക്കാരൻ

1. സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ &
ഡെപ്യൂട്ടി രജിസ്ട്രാർ (ഭരണം),
സഹകരണസംഘം ജോയിന്റ് രജിസ്ട്രാർ (ജനറൽ)
ഓഫീസ്, തൃശ്ശൂർ.

2. അപ്പീൽ അധികാരി &
ജോയിന്റ് രജിസ്ട്രാർ (ജനറൽ),
സഹകരണസംഘം ജോയിന്റ് രജിസ്ട്രാർ (ജനറൽ)
ഓഫീസ്, തൃശ്ശൂർ
} എതിർകക്ഷികൾ

| | |
|---|---|
| 6(1) പ്രകാരമുള്ള അപേക്ഷാ തീയതി | 06/11/2017 |
| 6(1) അപേക്ഷയ്ക്ക് മറുപടി ലഭ്യമാക്കിയ തീയതി | 23/11/2017 |
| ഒന്നാം അപ്പീൽ അപേക്ഷാ തീയതി | 14/12/2017 |
| ഒന്നാം അപ്പീൽ അപേക്ഷ തീർപ്പാക്കിയ തീയതി | 05/01/2018 |
| കമ്മീഷനിൽ രണ്ടാം അപ്പീൽ സമർപ്പിച്ച തീയതി | 06/02/2018 |
| കമ്മീഷനിൽ രണ്ടാം അപ്പീൽ കൈപ്പറ്റിയ തീയതി | 07/02/2018 |
| കമ്മീഷൻ റിപ്പോർട്ട് ആവശ്യപ്പെട്ട തീയതി | 19/03/2018 |
| കമ്മീഷനിൽ റിപ്പോർട്ട് ലഭിച്ച തീയതി | 12/04/2018 |
| ഹിയറിംഗ് നടന്ന തീയതി & സ്ഥലം | 04/02/2020 – വീഡിയോ കോൺഫറൻസ് ഹാൾ, കളക്ടറേറ്റ്, തൃശ്ശൂർ. |
| ഹിയറിംഗിലെ സാന്നിദ്ധ്യം:അപ്പീൽ ഹർജിക്കാരൻ<br>എസ്.പി.ഐ.ഒ. | ഹാജരായില്ല<br>ഹാജരായി |

## ഉത്തരവ്

അപ്പീൽ ഹർജിക്കാരനായ ശ്രീ. സി.ബി.കൃഷ്ണകുമാർ, കമ്മീഷൻ മുമ്പാകെ ബോധിപ്പിച്ചത്, ടിയാന്റെ അപേക്ഷയിൽ ആവശ്യപ്പെട്ട വിവരങ്ങൾ സംബന്ധിച്ച് ഒന്നാം എതിർകക്ഷി ഭാഗികമായ വിവരങ്ങൾ മാത്രമാണ് നൽകിയത് എന്നും

ആയതിനാൽ രണ്ടാം എതിർകക്ഷി മുമ്പാകെ അപ്പീൽ അപേക്ഷ സമർപ്പിച്ചുവെങ്കിലും ആയതുപ്രകാരവും പൂർണ്ണ വിവരങ്ങൾ ലഭ്യമാക്കിയിട്ടില്ല എന്നും ഹർജിക്കാരൻ ആവശ്യപ്പെട്ട വിവരം കോ-ഓപ്പറേറ്റീവ് സൊസൈറ്റിയിൽ നിന്നും ലഭ്യമാക്കി നൽകാവുന്നതായിരുന്നു എന്നും ഇക്കാര്യത്തിൽ എതിർകക്ഷികൾ വേണ്ടത്ര ശ്രദ്ധ നൽകിയില്ല എന്നും ആയതിനാൽ ടിയാൻ ആവശ്യപ്പെട്ട വിവരങ്ങൾ ലഭ്യമാക്കി നൽകാൻ ഉത്തരവാകണമെന്നും വിവരാവകാശ നിയമത്തിലെ 20(1) വകുപ്പു പ്രകാരമുള്ള ശിക്ഷാനടപടി സ്വീകരിക്കണമെന്നും മറ്റുമാണ്.

2. ഒന്നാം എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപേക്ഷയിൽ ഹർജിക്കാരൻ ആവശ്യപ്പെട്ടത് താഴെ പറയുന്ന വിവരങ്ങളാണ്:

i. തൃശ്ശൂർ ഡിസ്ട്രിക്ട് വർക്കേഴ്സ് വെൽഫെയർ സംഘം ക്ലിപ്തം നം. 1351 ഏതു വർഷം, ഏതു മാസം, ഏത് ദിവസം ആരംഭിച്ചു എന്നും

ii. മേൽ പറഞ്ഞ സഹകരണ സംഘം ആരംഭിച്ച് ഇതുവരെ എത്ര നിയമനങ്ങൾ നടന്നു എന്നും
(എ) ആയതിൽ സ്ഥിരമായ നിയമനങ്ങൾ എത്ര എന്നും
(ബി) താത്ക്കാലിക നിയമനങ്ങൾ എത്ര എന്നും
(സി) ഏതൊക്കെ തീയതികളിൽ ഏതൊക്കെ തസ്തികകളിൽ മേൽ പറഞ്ഞവരെ നിയമിച്ചു എന്നും
(ഡി) അവരിൽ സേവനം അവസാനിപ്പിച്ചവർ ആരൊക്കെ എന്നും അവർ ജോലി അവസാനിപ്പിച്ച തീയതി ഏതെന്നും മറ്റുമായി 2 പ്രധാന ഇനങ്ങളിലും നിരവധി ഉപയിനങ്ങളിലുമായുള്ള വിവരങ്ങളാണ്.

മേൽപ്പടി അപേക്ഷയിന്മേൽ ഒന്നാം എതിർകക്ഷി നൽകിയ മറുപടിയിൽ അറിയിച്ചത്, ഹർജിക്കാരന്റെ അപേക്ഷയിലെ 1, 2 (എ) മുതൽ ഡബ്ല്യു വരെയുള്ള ഇനങ്ങളിൽ പി, എസ്, റ്റി എന്നിവ ഒഴികെയുള്ള ഇനങ്ങൾ സംബന്ധിച്ച വിവരങ്ങൾ ബന്ധപ്പെട്ട സംഘത്തിൽ നിന്നും വാങ്ങേണ്ടതാണെന്നും പി, എസ്, റ്റി എന്നിവ സംബന്ധിച്ച വിവരങ്ങൾ നൽകുകയും ചെയ്തു. ഹർജിക്കാരൻ രണ്ടാം എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപ്പീൽ അപേക്ഷയിൽ പ്രസ്താവിച്ചത്, ടിയാന് ഒന്നാം എതിർകക്ഷി നൽകിയ മറുപടിയിൽ അപ്പീൽ അധികാരിയുടെ അഡ്രസ്സ് നൽകിയിരുന്നില്ല എന്നും ടിയാൻ പിന്നീട് ആവശ്യപ്പെട്ടപ്പോൾ ആയത് എഴുതി നൽകി എന്നും ടിയാൻ ആവശ്യപ്പെട്ട വിവരങ്ങൾ സഹകരണ സംഘത്തിൽ നിന്നും ലഭിക്കുമെന്ന് മുമ്പ് ഒരു അപേക്ഷയിൽ അറിയിച്ചിരുന്നു എന്നും ആയതുപ്രകാരം ആവശ്യപ്പെട്ടപ്പോൾ ടിയാനെ കള്ളക്കേസ്സിൽ കുടുക്കുകയും ഭീഷണിപ്പെടുത്തുകയും ചെയ്തു എന്നും ആയതിനാൽ ടിയാൻ ആവശ്യപ്പെട്ട വിവരങ്ങൾ ലഭ്യമാക്കി നൽകണമെന്നും മറ്റുമാണ്. മേൽപ്പടി അപ്പീൽ അപേക്ഷ തീർപ്പാക്കി പുറപ്പെടുവിച്ച ഉത്തരവിൽ, അപ്പീൽ അധികാരിയുടെ അഡ്രസ്സ് നൽകുകയും ഹർജിക്കാരന്റെ അപേക്ഷയിലെ 1, 2(എ), പി, എസ്, റ്റി, യു എന്നിവ സംബന്ധിച്ച വിവരങ്ങൾ നൽകുകയും ചെയ്തു.

3. അപ്പീൽ ഹർജിയും ബന്ധപ്പെട്ട രേഖകളും പരിശോധിച്ചതിൽ, ഹർജിക്കാരൻ ആവശ്യപ്പെട്ട വിവരങ്ങളിൽ എതിർകക്ഷി സ്ഥാപനത്തിൽ ലഭ്യമായ വിവരങ്ങൾ ഹർജിക്കാരന് നൽകിയിട്ടുള്ളതായി കാണുന്നു. മറ്റ് വിവരങ്ങൾ ബന്ധപ്പെട്ട തൃശ്ശൂർ ഡിസ്ട്രിക്ട് വർക്കേഴ്സ് വെൽഫെയർ സഹകരണ സംഘം ക്ലിപ്തം നമ്പർ: 1351-ൽ ലഭ്യമായതിനാൽ ആയത് മേൽപ്പടി സംഘത്തിൽ നിന്നും

ശേഖരിക്കുവാൻ ഹർജിക്കാരനെ അറിയിക്കുകയും ചെയ്തു. ബഹു. സുപ്രീം കോടതിയുടെ സിവിൽ അപ്പീൽ നമ്പർ: 9017/13 കേസിലെ വിധി പ്രകാരം സഹകരണ സംഘങ്ങൾ വിവരാവകാശ നിയമത്തിന്റെ പരിധിയിൽ വരുന്നതല്ല എന്നു വ്യക്തമാക്കിയിട്ടുണ്ട്. മേൽപ്പടി സംഘങ്ങൾ രജിസ്ട്രാർ സ്ഥാപനങ്ങളിൽ ലഭ്യമാകുന്ന വിവരങ്ങൾ അപേക്ഷകന് വിവരാവകാശ നിയമപ്രകാരം കരസ്ഥമാക്കാവുന്നതാണ്. എന്നാൽ വിവരാവകാശ നിയമപ്രകാരം ഓരോ സഹകരണ സ്ഥാപനത്തിൽ നിന്നും ലഭ്യമാക്കേണ്ട വിവരങ്ങൾ സഹകരണ രജിസ്ട്രാർ സ്ഥാപനങ്ങൾ മുഖേന ലഭ്യമാക്കാൻ ആവശ്യപ്പെട്ടാൽ ആയത് ബന്ധപ്പെട്ട സഹകരണ രജിസ്ട്രാർ സ്ഥാപനങ്ങളുടെ സാധാരണയായുള്ള പ്രവർത്തനത്തെ വളരെയധികം പ്രതികൂലമായി ബാധിക്കുമെന്നും അത്തരം സാഹചര്യത്തിൽ സഹകരണ രജിസ്ട്രാർ സ്ഥാപനങ്ങൾ ഒരു പോസ്റ്റ് ഓഫീസായി പ്രവർത്തിക്കേണ്ടി വരുമെന്നും കമ്മീഷൻ വിലയിരുത്തുന്നു. ആയതിനാൽ എതിർകക്ഷികൾ ഈ അപ്പീൽ ഹർജിയിൽ ഹർജിക്കാരന് നൽകിയിട്ടുള്ള മറുപടികൾ നിയമാനുസൃതമാണെന്ന് വിലയിരുത്തി, ഈ അപ്പീൽ ഹർജിയിൽ മറ്റു നടപടികൾ ആവശ്യമില്ലെന്നു തീരുമാനിച്ച്, ഈ അപ്പീൽ ഹർജി ഇന്നേ ദിവസം 2020 ഫെബ്രുവരി 5-ാം തീയതി കമ്മീഷൻ തീർപ്പാക്കുന്നു.

(ഒപ്പ്)
വിൻസൻ എം.പോൾ
മുഖ്യ വിവരാവകാശ കമ്മീഷണർ

STATE INFORMATION COMMISSION * KERALA, THIRUVANANTHAPURAM

സാക്ഷ്യപ്പെടുത്തിയ പകർപ്പ്

അഡീഷണൽ സെക്രട്ടറി(നിയമം)
us